**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിലെ ഓഡിറ്റ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഓഡിറ്റ് വകുപ്പ് 2019-20, 2020-21 വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകളും സാമ്പത്തിക ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഗുരുവായൂർ ദേവസ്വം അക്കൗണ്ട്സ് ഓഡിറ്റ് നടത്തുന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 2019-2020, 2020-2021 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേവസ്വത്തിലെ രേഖകൾ പരിശോധിച്ച് ഓഡിറ്റ് വിഭാഗം അപാകതകളായി കണ്ടെത്തുന്ന കാര്യങ്ങൾ ഓഡിറ്റ് പരാമർശമായി ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഡെപ്പോസിറ്റ് സ്കീമിൽ നിക്ഷേപിച്ച സ്വർണ്ണ നിക്ഷേപം യഥാസമയം പുതുക്കാത്തതുമൂലം ദേവസ്വത്തിന് നഷ്ടം സംഭവിച്ചതായും ഓഡിറ്റ് റിപ്പോർട്ട് 2020-21 ൽ മൊസംബി POS ബില്ലിംഗ് മെഷീൻ അപാകതകൾ സംബന്ധിച്ചും ചന്ദനമുട്ടി - ഭൗതിക പരിശോധനയിൽ ചന്ദനം കുറവ് കണ്ടെത്തിയതായും പരാമർശമുണ്ട്. മേൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പലതും WP (C) No.7426/24 നമ്പർ കേസ് പ്രകാരം ബഹു. ഹൈക്കോടതി പരിഗണിച്ചിട്ടുള്ളതും മറുപടി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | 2019-ലെ വനം-കൈമാറ്റ രസീതിൽ രേഖപ്പെടുത്തിയിട്ടുള്ള 522.86 കിലോഗ്രാം ആനക്കൊമ്പ് കഴിഞ്ഞ നാല്പത് വർഷമായി പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കഴിഞ്ഞ 40 വർഷമായി ആനക്കൊമ്പ് സ്റ്റോക്ക് പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരാമർശം ഉണ്ടായിട്ടില്ല. ഓഡിറ്റ് പരാമർശത്തിൽ കാണിച്ചിട്ടുള്ള ആകെ തൂക്കം 522.858 kg ആണ്. ഇത് ശരിയല്ല എന്നും 26/09/2019 ന് 505 Kg എന്ന് ചേർത്തിട്ടുള്ളത് ഓഡിറ്റർക്ക് സംഭവിച്ചിട്ടുള്ള പിശകാണ് എന്നും 5.05 kg ആണ് സ്റ്റോക്ക് രജിസ്റ്ററിലെ അളവെന്നും ആകയാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച ആകെ കൊമ്പിന്റെ/ചീളിന്റെ തൂക്കം 22.908 kg ആണെന്നും (0.320+0.280+14.178+5.050+0.730+2.350) ഇത് ഉൾപ്പെടെ ദേവസ്വത്തിന്റെ കൈവശം ആകെ ഉണ്ടായിരുന്ന 124.895 kg ആനകൊമ്പ്/ചീളുകൾ |

| | | | |
|---|---|---|---|
| | | | 12/08/2024 ന് വനം വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ ആനക്കൊമ്പുകൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്; അവയുടെ സുരക്ഷിതത്വം പരിശോധിച്ച് ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | നാട്ടാന പരിപാലന ചട്ടം 2012 ന് നിലവിൽ വന്നതിന് ശേഷം മരണമടഞ്ഞ ആനകളുടെ കൊമ്പുകൾ യഥാസമയം വനംവകുപ്പിന് കൈമാറിവരുന്നു. ആനകളുടെ കൊമ്പ് ചെത്തി ഒരുക്കുന്നതിനു മുമ്പ് ആയതു സംബന്ധിച്ച് വനംവകുപ്പിനെ അറിയിക്കുകയും ആയതിൻ പ്രകാരം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാണ് കൊമ്പുകൾ മുറിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന കൊമ്പിന്റെ കഷ്ണങ്ങൾ അപ്പോൾ തന്നെ വനംവകുപ്പിന് കൈമാറുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് നിയമപ്രകാരം ഇത് സൂക്ഷിക്കേണ്ടത്. |
| (ഡി) | കാലാകാലമായി നിർബന്ധിത പരിശോധന നടത്താത്തതിന്റെ ഉത്തരവാദിത്തം ആരുടേതാണ്; വ്യക്തമാക്കാമോ? | (ഡി) | നാട്ടാന പരിപാലന ചട്ടം 2012 ന് നിലവിൽ വന്നതിന് ശേഷം മരണമടഞ്ഞ ആനകളുടെ കൊമ്പുകൾ യഥാസമയം വനംവകുപ്പിന് കൈമാറിവരുന്നു. ആനകളുടെ കൊമ്പ് ചെത്തി ഒരുക്കുന്നതിനു മുമ്പ് ആയതു സംബന്ധിച്ച് വനംവകുപ്പിനെ അറിയിക്കുകയും ആയതിൻ പ്രകാരം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാണ് കൊമ്പുകൾ മുറിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന കൊമ്പിന്റെ കഷ്ണങ്ങൾ അപ്പോൾ തന്നെ വനംവകുപ്പിന് കൈമാറുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് നിയമപ്രകാരം ഇത് സൂക്ഷിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ